(ഡി) പ്രാഥമിക പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്ന അഞ്ച് പണികൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(1) എറണാകുളം ടൗൺ സ്റ്റേഷനടുത്തുള്ള റെയിൽ ഓവർ ബ്രിഡ്ജിന്റെ പുനർ നിർമ്മാണം.

(2) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുസമീപം പുതിയ റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവും സലിം രാജൻ റോഡിന്റെയും മുല്ലശ്ശേരി കനാൽ റോഡിന്റെയും നവീകരണവും.

(3) ജോസ് ജംഗ്ഷൻ മുതൽ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ വരെയുള്ള സ്റ്റേഷൻ അപ്പ്രോച്ച് റോഡിന്റെ വീതി കൂട്ടൽ.

(4) മാധവ ഫാർമസി മുതൽ തേവര വരെ എം.ജി. റോഡിന്റെ നവീകരണം.

(5) എറണാകുളം ടൗൺ റെയിൽവെ ഓവർ ബ്രിഡ്ജ് മുതൽ മാധവ ഫാർമസി വരെ ബാനർജി റോഡിന്റെ വീതികൂട്ടൽ.

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച ശേഷമേ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ

(എഫ്) കേന്ദ്രാനുമതി ഉടൻ ലഭിക്കുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കു മുന്നോടിയായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പൊതുവിതരണ സമ്പ്രദായം

79 (145) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ ഓണം, റംസാൻ, ബക്രീദ് ആഘോഷകാലങ്ങളിൽ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) ക്രിസ്തുമസ് കാലത്തെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;

(ഡി) പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിക്കാനുള്ള പ്രവണതയ്ക്ക് തടയിടുന്നതിനായി സിവിൽ സപ്ലൈസിലെ ഫീൽഡ് സ്റ്റാഫ്, മറ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്കാഡ് എന്നിവ പൊതു വിപണിയിൽ നിരന്തരം പരിശോധന നടത്തുകയും വിവിധ നിയന്ത്രണ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. പരിശോധനകളും റെയ്ഡുകളും കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും അവശ്യവസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ നീക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുകയും അതുവഴി സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികളെടുത്തിട്ടുണ്ട്.

1. സെപ്തംബർ 2006 മുതൽ അവശ്യ സാധനങ്ങൾ വിലവർദ്ധന വില്ലാതെ സപ്ലൈകോ വഴി വിറ്റു വരുന്നു.

2. എല്ലാ വിൽപ്പനശാലകളിലും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഓരോ സാധനങ്ങൾക്കും ബാർകോഡിംഗ് ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വേഗത്തിൽ ബില്ല് നൽകി സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നു.

3. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്നതും കൂടുതൽ വിൽപ്പന സാധ്യതയുള്ളതുമായ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിച്ചു.

4. ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്കാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി.

5. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിനു നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

6. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പന ശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. എല്ലാ വിൽപ്പന ശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുകയും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് ആകർഷകമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്.

9. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ വിൽപ്പന ശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, ആധുനിക റാക്കുകൾ എന്നിവ ഏർപ്പെടുത്തി ആകർഷകമാക്കി.

10. എല്ലാ വിൽപ്പന ശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തി.

11. സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.

12. സാധാരണക്കാർക്ക് അവശ്യ സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 50% വരെ വിലക്കുറവിൽ അവശ്യ സാധനങ്ങളും MRP-യെക്കാൾ 3-7% വരെ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു.

13. വിൽപ്പന ശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ/ഹെഡ്ക്വാർട്ടേഴ്സും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിൽപ്പനശാലകളുടേയും ഡിപ്പോകളുടെയും പ്രവർത്തനം തത്സമയം അവലോകനം ചെയ്യാൻ കഴിയുന്നു.

14. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

15. കോർപ്പറേഷൻ ആവിഷ്കരിച്ച പുതിയ ഇൻവെന്ററി നയം കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പു വരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ-പർച്ചേസ്, ഇ-പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനായി NCDEX, MCX സംഭരണകേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

16. കർശനമായ ധനകാര്യമാനേജ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവകൊണ്ട് അഴിമതിരഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.

17. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

18. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 06-08-ൽ 701 കോടി രൂപയായിരുന്നത് 09-10-ൽ 2284 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ ഓണം, റംസാൻ, ബക്രീദ് തുടങ്ങിയ ഉത്സവ കാലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മെട്രോ/ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും പ്രത്യേക ചന്തകളും പ്രവർത്തിപ്പിച്ചു. ഇതിനുപുറമേ സപ്ലൈകോ വിൽപ്പനശാലകളും പ്രത്യേക ഉത്സവ മാർക്കറ്റുകളായി പ്രവർത്തിപ്പിച്ചിരുന്നു.

(സി) ക്രിസ്തുമസ് പ്രമാണിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേക ക്രിസ്മസ് മെട്രോ പീപ്പിൾസ് ബസാറുകളും പ്രവർത്തിപ്പിക്കുന്നതാണ്. ഇതിനു പുറമേ ഓരോ താലൂക്കിലെയും തെരഞ്ഞെടുക്കപ്പെട്ട സൂപ്പർമാർക്കറ്റുകൾ പ്രത്യേക ക്രിസ്തുമസ് ഫെയറുകളായി പ്രവർത്തിപ്പിക്കും. ക്രിസ്മസ് സീസണിലേക്ക് ആവശ്യമായ എല്ലാ സാധനങ്ങളും അവശ്യസാധനങ്ങൾക്കുപുറമേ മിതമായ വിലയിൽ വിതരണം ചെയ്യുന്നതാണ്. പഞ്ചസാര സബ്സിഡി നിരക്കിൽ കിലോ 25 രൂപയ്ക്ക് സപ്ലൈകോയുടെ വിൽപ്പനശാലകൾവഴി വിതരണം ചെയ്യും. 2010 ഡിസംബർ മാസത്തിൽ എ.പി.എൽ. കാർഡ് ഉടമകൾക്ക് എ.പി.എൽ. നിരക്കിൽ അരിയും ഗോതമ്പും ഉൾപ്പെടെ 15 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതാണ്. ബി.പി.എൽ കാർഡ് ഉടമകൾക്ക് അരിയും ഗോതമ്പും ഉൾപ്പെടെ 30 കിലോ ഭക്ഷ്യധാന്യങ്ങൾ 2 രൂപ നിരക്കിൽ ലഭ്യമാക്കുന്നു. എ.എ.വൈ. കാർഡ് ഉടമകൾക്ക് 35 കിലോ അരിയും 2 രൂപ നിരക്കിൽ നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എസ്.സി/എസ്.റ്റി, മൽസ്യബന്ധന തൊഴിലാളി, ആശ്രയ പദ്ധതിയിൽപെട്ടവർക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും കിലോയ്ക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നു. ഇവ കൂടാതെ എല്ലാ വിഭാഗത്തിൽപ്പെട്ട കാർഡ് ഉടമകൾക്കും 12.70 രൂപ നിരക്കിലുള്ള അരിയും 9.20 രൂപ നിരക്കിലുള്ള ഗോതമ്പും പ്രതിമാസം 15 കിലോ നിരക്കിൽ ലഭ്യമാക്കുന്നതാണ്. ഉത്സവക്കാലത്തെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് പൊതുവിപണിയിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ പ്രത്യേക ക്രിസ്തുമസ് ബസ്സാറുകൾ ആരംഭിച്ച് വിപണി വില നിയന്ത്രിക്കാൻ ശ്രമം നടത്തുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളും പച്ചക്കറിയും മുട്ടയും മാംസവും മിൽമ ഉൽപ്പന്നങ്ങളും എല്ലാം അടങ്ങുന്ന ആറ് വാഹനങ്ങളുടെ ഒരു ശൃംഖലയും ഡിസംബർ 8 മുതൽ തിരുവനന്തപുരത്ത് വില്പന നടത്തുന്നു.

(ഡി) കൃത്രിമ വിലക്കയറ്റത്തിനു കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ് എന്നിവ തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും ലീഗൽ മെട്രോളജി, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തി വരുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില, സംഭരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനായി അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം പൊതു വിപണിയിലും പൊതുവിതരണ കേന്ദ്രത്തിലും ശക്തമായ പരിശോധനകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്.

രൂക്ഷമായ വിലക്കയറ്റം തടയാൻ നടപടി

80 (146) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലാത്തവിധം നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലക്കയറ്റം സംസ്ഥാനത്ത് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) അവശ്യ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി എന്തെല്ലാം നടപടികൾ വിലക്കയറ്റം തടയാൻ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾക്ക് ഉണ്ടാകുന്ന ദൗർലഭ്യം, ഉല്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ എന്നിവയും അനിയന്ത്രിതമായ ഇന്ധനവില വർദ്ധനവ്, അന്താരാഷ്ട്ര വിപണന വ്യത്യാസം എന്നിവയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഇടയാക്കാറുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(ബി) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്.

(1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(2) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പൂഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly